കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാഴൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 5/2024/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 21/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി 5/2024/2024 തീയ്യതി: 21/12/2024

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	05-12-2024	13-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-12-2024	13-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീമതി അമ്പിളി എം,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി കൃഷ്ണപ്രിയ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജയന്ത് ഹരി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ വി പി റെജി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി അനു അലക്സ്	സെക്രട്ടറി	01-04-2023	06-07-2023
ശ്രീമതി സൗമ്യ എം	സെക്രട്ടറി	07-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അരുൺ കമാർ ജി	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ.ധന്യ.എസ്	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2023	21-11-2023
ഡോ അഞ്ജലി	മെഡിക്കൽ ഓഫീസർ ആയുർവേദം	22-11-2023	29-02-2024
ഡോ രേണുക കെ രാമൻ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-03-2024	31-03-2024
ശ്രീ സജിത്ത് .കെ.ഇബ്രാഹിം	വി.ഇ.ഒ,വാഴൂർ	01-04-2023	18-07-2023
ശ്രീ അരുൺ പി സുരേന്ദ്രൻ	വി.ഇ.ഒ,വാഴൂർ	19-07-2023	31-03-2024
ശ്രീമതി അഞ്ജുരാജ് കെ എം	വി.ഇ.ഒ കാനം	01-04-2023	10-10-2023
ശ്രീ അരുൺ പി സുരേന്ദ്രൻ	വി.ഇ.ഒ കാനം	11-10-2023	20-10-2023
ശ്രീമതി അനിത മരിയ ജോസ്	വി.ഇ.ഒ കാനം	21-10-2023	31-03-2024
ഡോ സ്മിത എം എസ്	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി	01-04-2023	29-06-2023
ഡോ ജോർജ് മാത്യു	മെഡിക്കൽ ഓഫീസർ , പി.എച്ച്.സി	30-06-2023	31-03-2024
ഡോ അജിത് കുമാർ	വെറ്ററിനറി സർജൻ	01-04-2023	18-08-2023
ഡോ ബിനോയി ജോർജ്	വെറ്ററിനറി സർജൻ	19-08-2023	31-03-2024
ശ്രീമതി ജലജാകുമാരി പി.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ ഷിഹാബുദ്ദീൻ റ്റി.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീ അനീഷ് ലാൽ കെ എ	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി മഞ്ജുള ആർ	അസി.സെക്രട്ടറി	01-04-2023	31-03-2024
ശ്രീ സനീഷ് കെ ബി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	30-04-2023
ശ്രീമതി മറിയാമ്മ സി വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-05-2023	14-07-2023
ശ്രീ ശ്രീനി ജി	അസിസ്റ്റന്റ് എഞ്ചിനീയർ	15-07-2023	31-08-2023
ശ്രീ സനീഷ് കെ ബി	അസിസ്റ്റന്റ് എഞ്ചിനീയർ	01-09-2023	26-02-2024
ശ്രീ ഷിബുകുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	27-02-2024	30-03-2024
ശ്രീമതി അനുപമ ശ്രീകുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	31-03-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
3	മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല	1-1-3
5	31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം Payable ആയി അക്കൗണ്ട് ചെയ്യില്ല	1-1-4
6	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-5
7	ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-6
8	Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല	1-1-7
9	സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു	1-1-8
10	റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	വാർഷികപദ്ധതി അവലോകനം.	1-5
15	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
16	സാമൂഹ്യസുരക്ഷാപദ്ധതികൾ	1-7
17	ക്യാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	വിവിധ അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ-ചട്ടങ്ങൾ പാലിക്കുന്നില്ല	1-11
21	റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭ്യമായിട്ടില്ല	1-12
22	മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക	1-13
23	ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-14
24	കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-15
25	സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകതകൾ നിലനിൽക്കുന്നു	1-16
26	പഴയ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരിൽ നിന്ന് വാടക ഈടാക്കുന്നില്ല	1-17
27	പഞ്ചായത്ത് ഔദ്യോഗിക വാഹനം -രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനത്തിന്റെ തുടർ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്.	1-18
28	വെള്ളക്കരം - കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.	1-19
29	തെരുവ് വിളക്ക് പരിപാലനം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-20
30	അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.	1-21
31	107-ാം നമ്പർ അങ്കണവാടിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം - പൂർത്തിയായില്ല.	1-22
32	ജി എസ് ടി തുക അധികമായി നൽകിയിരിക്കുന്നു	1-23
33	മെൻസ്ട്രൽ കപ്പ് - വിതരണം പൂർത്തിയായിട്ടില്ല.	1-24
34	അക്ഷരമുറ്റം-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ.	1-25
35	വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-26
36	നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല	1-27
37	ടാറിംഗ് പ്രവൃത്തികൾ -ബാരൽ വില ഈടാക്കിയില്ല.	1-28
38	മരാമത്ത് പ്രവൃത്തിക്ക് കരാർ വച്ച കോൺട്രാക്ടർ പ്രവൃത്തിചെയ്യാത്തത്-തുടർനടപടി സ്വീകരിച്ചില്ല.	1-29
39	കുട്ടികളുടെ പാർക്ക്-നക്ഷത്രജലോത്സവം ഗ്രാമീണടൂറിസം -പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.	1-30
40	പനംപുന്ന സബ്സെന്റർ - സ്ഥലം വാങ്ങൽ - നിർമ്മാണ പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.	1-31
41	വയോജനങ്ങൾക്ക് പ്രഭാതസായാഹ്നവിശ്രമ കേന്ദ്രം -പൂർത്തിയായില്ല.	1-32
42	ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്.	1-33
43	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ	1-34
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) ഡാറ്റാ സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും (Calculation Sheet) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. **വാഴൂർ ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24/05/2024 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 17/07/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി :21.12.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ്(Capital Contribution) ശീർഷകത്തിലെ 3.29 കോടി രൂപ മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്ററിൽ ചേർക്കേണ്ടതും 31/03/2024 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.
പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല

ജനപ്രതിനിധികളുടെ മാർച്ച്-2024 ലെ ഹോണറേറിയം, 31/03/2024 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2023-24 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് ILGMS-സോഫ്റ്റ്വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-6 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

1-1-7 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

1-1-8 സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു

31.03.2024 ലെ ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂൾ പ്രകാരം Vehicles എന്ന ഇനത്തിലെ സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-9 റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല

ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതിക്കായി വരവ് വന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുകയും 2022-23 വർഷം റിഡംപ്ഷനായി സർക്കാർ തിരിച്ചെടുക്കുകയും ചെയ്ത 443933/- രൂപ ലഭ്യമാകാനുള്ള തുകയായി വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. തിരികെ ലഭ്യമാകാത്ത മേൽ തുക ക്രമീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ . 21.03.2023 തീയതിയിലെ 1/ നം. തീരുമാനപ്രകാരം അംഗീകരിച്ചു. 06.02.2024 തീയതിയിലെ 3 നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	16906118	7947691
വരവ്	194902572	224947560
ആകെ	211808690	232895251
ചെലവ്	203860999	225378701
നീക്കിയിരിപ്പ്	7947691	7516550

പുതുക്കിയ ബജറ്റിന്റെ മുന്നിരിപ്പായി ചേർത്തിട്ടുള്ള 7947691/-രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.കൂടാതെ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	29638834.41
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	58403780
ആകെ	88042614.41
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	54591055
നീക്കിയിരിപ്പ് (31/03/2024)	33451559.41

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	111968388
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	102913235
പ്രവർത്തന മിച്ചം (Gross Surplus)	9055153
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	310249
അറ്റ പ്രവർത്തന ലാഭം (Net Surplus)	9365402
വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	973082/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	19124000	19124000	15708681	3415319	82.14
വികസനഫണ്ട് എസ്.സി.പി.	0	5708000	5708000	3492054	2215946	61.17
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	-
സംരക്ഷണഗ്രാന്റ് റോഡ്	0	4698000	4698000	3050146	1647854	64.92
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	3676000	3676000	3591314	84686	97.69
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	329783	2375000	2704783	1688355	1016428	62.42
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	816	3193158	3193974	2234881	959093	69.97
ഐ.സി.ഡി.എസ്	510802	1267105	1777907	262207	1515700	14.75

ശുചിത്വമിഷൻ ഗ്രാന്റ്	1148348	363000	1511348	1506259	5089	99.66
എം ജി എൻ ആർ ഇ ജി എസ്	130	15674507	15674637	15673968	669	99.99
സാക്ഷരത	19351	0	19351	0	19351	0
ജലജീവൻ മിഷൻ	2243650	49038	2292688	0	2292688	0
ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ)	3193	912374	915567	881892	33675	96.32
ഹെൽത്ത് ഗ്രാന്റ് (വെൽനസ് സെന്ററ്റേഴ്)	1570	382965	384535	378264	6271	98.37
ഹെൽത്ത് ഗ്രാന്റ് (സബ് സെന്റർ, സി എച്ച് സി, പി എച്ച് സി)	0	5611000	5611000	2120000	3491000	37.78

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 2227450/- രൂപ, 230365/- രൂപ KURDFC വായ്പ തിരിച്ചടവ് ഇനത്തിലും അങ്കണവാടി ഹോണറേറിയം ഇനത്തിൽ 1007400/- രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ബാങ്ക് പലിശ ഇനത്തിൽ ലഭ്യമായ 26158/-രൂപ ഉൾപ്പെടെയുള്ള തുകയാണ് വരവായി ചേർത്തിരിക്കുന്നത്.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied, Untied ഇനങ്ങളിൽ 2022-23 വർഷം ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്ന യഥാക്രമം 58440/-, 17444/- തുകകൾ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടതിനാൽ മുന്നിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.
4. ജി എസ് റ്റി, ഇൻകംടാക്സ് ഇനങ്ങളിൽ അടവാക്കാനുള്ള 96155/- രൂപയും ചേർന്നുള്ള തുകയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടായ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ (B-17) ഉൾപ്പെട്ടിട്ടുള്ളത്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ 2022-23 മുതൽ 2026-27 വരെയുള്ള വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സുസ്ഥിര വികസനലക്ഷ്യങ്ങളിലൂന്നി കേരളത്തെ വൈജ്ഞാനികസമൂഹമാക്കി വളർത്തുകയും വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക, കേരളത്തിന്റെ സാമ്പത്തികവികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുക, പിന്നാക്ക, പാർശ്വവൽകൃത സമൂഹങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുള്ള വികസനം, ആഗോള സുസ്ഥിരവികസനലക്ഷ്യങ്ങൾ നിശ്ചിതസമയത്തിന് മുൻപേതന്നെ കൈവരിക്കുക,കേരളത്തിലെ ജനങ്ങളുടെ ജീവിതഗുണമേന്മ വർദ്ധിപ്പിക്കുക എന്നിവ 14-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളായി നിശ്ചയിച്ച് അത് നേടുന്നതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ കൈവരിക്കേണ്ട സവിശേഷ വികസന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയുണ്ടായി. പ്രസ്തുത വികസനലക്ഷ്യങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ച നവകേരള കർമ്മപദ്ധതി വികസനദൗത്യങ്ങളായ ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നിവയുമായി ഏകോപിപ്പിക്കുംവിധം വാർഷിക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് മാർഗരേഖ നിഷ്കർഷിക്കുന്നു.ആയതിലേക്ക് കൃത്യമായ പദ്ധതി ആസൂത്രണ നിർവഹണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.
വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ 29-12-2022, 30-12-2022 തീയതികളിൽ യോഗം ചേർന്ന് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തി. പദ്ധതി രൂപീകരണ ഗ്രാമസഭകൾ 07-01-2023 ലും വികസനസെമിനാർ 16-02-2023 ലും നടക്കുകയുണ്ടായി. ഇങ്ങനെ നിശ്ചിത സമയക്രമം പാലിച്ചുള്ള വിവിധ ഘട്ടങ്ങളിലൂടെയുള്ള വിശകലനങ്ങൾ, നിർദ്ദേശങ്ങൾ, ചർച്ചകൾ എന്നിവയുടെ ഫലമായി ഉരുത്തിരിഞ്ഞ 2023-24 വാർഷികപദ്ധതി പ്രോജക്ടുകൾക്ക് 83898/23/DPC/DPO/KTM തീയതി 03/02/2024 ഉത്തരവിലൂടെ ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം ലഭിച്ചു.

വാർഷിക പദ്ധതിയുടെ സംക്ഷിപ്തം

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ	ചെലവ്	ചെലവ് ശതമാനം
272	160	198075422	63861538	32

അംഗീകാരം ലഭിച്ച 272 പ്രോജക്ടുകളിൽ 160 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 50എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. അവയിൽ 32 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്.പദ്ധതി അടങ്കൽ തുകയിൽ ജി.ഒ പ്രോജക്ടുകളായി സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ ഗ്രാന്റുകളിൽ നിന്ന് കുറവ് ചെയ്ത 3465215/- രൂപ ഉൾപ്പെടുന്നില്ല.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ

പദ്ധതി നിർവ്വഹണചുമതല 11 ഉദ്യോഗസ്ഥർക്കായി വിഭജിച്ചു നൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	നിർവഹണോദ്യോഗസ്ഥൻ	പ്രോജക്ടുകൾ	നടപ്പാക്കിയത്	ആകെ വകയിരുത്തൽ	ചെലവ്	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	7	7	1062100	1061191	99.9
2	വെറ്ററിനറി സർജൻ	4	4	1560000	726312	47
3	മെഡി.ഓഫീസർ, പി.എച്ച്.സി	11	11	5603540	4624654	83
4	മെഡി.ഓഫീസർ, ആയുർവേദം	5	5	880000	865099	98
5	വി.ഇ.ഒ	16	15	57681734	24067784	42
6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	16	13	6555160	4240847	65
7	സെക്രട്ടറി	57	37	54709124	9006553	16
8	അസി.എൻജിനീയർ	141	55	63925604	15467912	24
9	ഹെഡ് മാസ്റ്റർ	6	5	433500	163619	38

10	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	4400000	2462569	56
11	അസി.സെക്രട്ടറി	7	6	1264660	1174998	93
ആകെ		272	160	198075422	63861538	32

വാർഷികപദ്ധതി- നടപടിക്രമങ്ങൾ, രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് വിവരങ്ങൾ.

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വിവിധ മീറ്റിംഗുകൾ സമയക്രമം പാലിച്ച് നടത്തുകയുണ്ടായി.മീറ്റിംഗുകളുടെ മിനിറ്റ്സ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പലതിലും തീരുമാനങ്ങൾ കൃത്യമായി ഉൾപ്പെടുത്തുകയോ ഒപ്പുകൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
സ്പിൽ ഓവറായി അംഗീകാരം വാങ്ങിയ 50 പ്രോജക്ടുകളിൽ 32 എണ്ണം നടപ്പാക്കി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 54709124/- രൂപയിൽ 16% വും(9006553/-) അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയ 63925604/- രൂപയിൽ 24% വും (15467912/-) മാത്രമാണ് ചെലവഴിച്ചത്.

റോഡുകൾ,അങ്കണവാടികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ ഏകവർഷ പ്രോജക്ടുകളായി ആരംഭിച്ച് പല പ്രോജക്ടുകളും വർഷങ്ങളായി സ്പിൽ ഓവറായി തുടരുകയും പൂർത്തീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിൽ നിന്ന് പ്രോജക്ടുകൾ രൂപീകരിക്കുന്നത് ആവശ്യകതയുടെയും മുൻഗണനകളുടെയും അടിസ്ഥാനത്തിലല്ല എന്നാണ് വ്യക്തമാക്കുന്നത്.കൂടാതെ ബഹുവർഷങ്ങളായി നടപ്പാക്കുന്ന പ്രോജക്ടുകളിൽ അതിന്റെ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി വിവിധവർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കി മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെവാങ്ങണമെന്ന വാർഷികപദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 ഖണ്ഡിക 3.5.2(4) ലെ നിബന്ധന പാലിക്കാതെയാണ് കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഉൾപ്പെടെയുള്ളവ ഏറ്റെടുക്കുന്നത് എന്ന് കാണുന്നു.കുട്ടികൾക്കായുള്ള പാർക്ക്,വയോജനവിശ്രമകേന്ദ്രം എന്നിങ്ങനെ ആരംഭിച്ച പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തികൈവരിക്കുവിധം പ്രവൃത്തികൾ നടക്കുന്നില്ല.
ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ അനിവാര്യത, പ്രായോഗികക്ഷമത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പാക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

ലാപ്സായ ഗ്രാന്റ് തുകകൾ

പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തിക്കുന്നത് സാമ്പത്തികവർഷാവസാനം ആക്കുന്നത് ഒഴിവാക്കി യഥാസമയം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ 3933554/- രൂപയ്ക്കുള്ള 15 ബില്ലുകൾ ട്രഷറിയിൽ ക്യൂ വിലായിരുന്നു. ലാപ്സായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	3415319
വികസന ഫണ്ട്-എസ്.സി.പി	2215946
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	1647854
മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്	84686
ആകെ	7363805/-

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്.എന്നാൽ എല്ലാ പ്രോജകളുടെയും മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഇതിൽ നിന്ന് പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയാവസ്ഥയിലാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 27 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 16 വാർഡുള്ളതിൽ ഒരു വാർഡിൽ മാത്രമാണ് ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 128 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 118 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 83 പ്രവൃത്തികൾ പൂർത്തിയാക്കി. 34723 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 183 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 513 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, തോടുകളുടെ നവീകരണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്		130.00
വരവ്	ഇ.എഫ്.എം.എസ്. വരവ്	14944608.00
	ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ)	729899.00
ആകെ വരവ്		15674637.00
ചെലവ്	തൊഴിലാളികളുടെ വേതനം	11542969.00
	സാധന വില, വാടക, ബാങ്ക് ചാർജ്	3401639.00
	ഭരണ ചെലവുകൾ	729360.00
ആകെ ചെലവ്		15673968.00
	നീക്കിയിരിപ്പ്	669.00

1-7 സാമൂഹ്യസുരക്ഷാപദ്ധതികൾ

2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	15331100	2683
കർഷകതൊഴിലാളി പെൻഷൻ	1376800	204
വിധവാപെൻഷൻ	5226100	878
വികലാംഗപെൻഷൻ	1476700	244

50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	272200	42
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30000	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2024 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3638/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് തയാറാക്കിയിട്ടുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.
വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 2024 ഒക്ടോബർ വരെ തയാറാക്കിയിട്ടുണ്ട്. മുൻകൂർ രജിസ്ററർ, നിക്ഷേപ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ രേഖപ്പെടുത്തലുകൾ വരുത്തി കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തൊഴിൽ നികുതി, ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട് ട്രേഡ്സ് ലിസ്റ്റ് മതിയായ വിവരങ്ങൾ ചേർത്ത് സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി ഉൾപ്പെടെയുള്ള നികുതിപിരിവുകൾ പൊതുവെ കാര്യക്ഷമമായിരുന്നു. നികുതി പിരിവിലുൾപ്പെടെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ ഭരണസമിതി നടത്തിയിട്ടുള്ളതായി മിനിറ്റ്സിലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു. കമ്പ്യൂട്ടറുൾപ്പെടെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക്, വാറണ്ടി, എ എം സി വിവരങ്ങൾ ഉൾപ്പെടെ ചേർത്ത് സംരക്ഷിക്കേണ്ട ഏറ്റവും പ്രധാനരേഖയായ ഹാർഡ് വേർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

സ്പിൽ ഓവറുൾപ്പെടെ അംഗീകാരം വാങ്ങിയ പല പ്രോജക്ടുകളും നടപ്പിലാക്കാൻ സാധിക്കാത്തത് മൂലം വാർഷിക പദ്ധതിയിൽ ലഭ്യമായ ഗ്രാന്റ് തുകയിൽ 7363805/ രൂപ ലാപ്സായി. അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 141 പ്രോജക്ടുകളിൽ 55 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. സെക്രട്ടറി, അസി.എൻജിനീയർ എന്നിവർ വാർഷികപദ്ധതി നിർവഹണത്തിനായി ചെലവഴിച്ചത് വകയിരുത്തിയ തുകയുടെ യഥാക്രമം 16%, 24% മാത്രമാണ്. പ്രോജക്ടുകളുടെ നിർവഹണത്തിൽ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കാര്യക്ഷമത പുലർത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	04/21 മുതൽ 12/21 വരെ	12.07.2022 വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12/2017	2017-18	എൽ.ബി.എ (എച്ച്.ക്യൂ) I W BA 175/18തീ 04.01.2019

1-11 വിവിധ അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ-ചട്ടങ്ങൾ പാലിക്കുന്നില്ല

1)2024 ഒക്ടോബർ മാസത്തിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് അക്കൗണ്ടിൽ ' ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ' എന്ന ഇനത്തിൽ മൂന്ന് മാസത്തിലധികമായ ചെക്കുകൾ അവശേഷിക്കുന്നുണ്ട്. വാഴൂർ ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് - നം 16 ൽ 17956 രൂപയും, SBI തനത് ഫണ്ട് അക്കൗണ്ട് നം 57043366768 ൽ വിവിധ ചെക്കുകൾ പ്രകാരം മൊത്തം 251021 രൂപയും, SBI ഇ പേയ്മെന്റ്അക്കൗണ്ട് നം 67395534728 ൽ വിവിധ ചെക്കുകളിൽപ്പെട്ട 16339 രൂപയും ഇത്തരത്തിൽ അവശേഷിക്കുന്നു.
ഭാരതീയ റിസർവ് ബാങ്കിന്റെ ഉത്തരവ് പ്രകാരം ചെക്കുകളുടെ കാലാവധി പരമാവധി മൂന്ന് മാസമാണ്. മേൽ പരാമർശിത ചെക്കുകൾ ഇതിനോടകം കാലഹരണപ്പെട്ട സാഹചര്യത്തിൽ, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 22 പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/10-12-2024) മറുപടി ലഭിച്ചിട്ടില്ല. ചട്ട പ്രകാരമുള്ള അക്കൗണ്ട് ക്രമീകരണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2)2024 ഒക്ടോബർ മാസത്തിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് അക്കൗണ്ടിൽ ' ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് ഇന്റു ബാങ്ക് ' എന്ന ഇനത്തിൽ മൂന്ന് മാസത്തിലധികമായവ അവശേഷിക്കുന്നുണ്ട്. വാഴൂർ ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് - നം 16 ൽ വിവിധ ചെക്കുകളിലായി 213221 രൂപയും, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ഡിസ്ട്രസ് റിലീഫ് ഫണ്ട് അക്കൗണ്ട് നം 2136285090 ൽ 55000 രൂപയും, SBI ഇ പേയ്മെന്റ്അക്കൗണ്ട് നം 67395534728 ഇൽ 7000 രൂപയും ഇത്തരത്തിൽ അവശേഷിക്കുന്നു.
ഭാരതീയ റിസർവ് ബാങ്കിന്റെ ഉത്തരവ് പ്രകാരം ചെക്കുകളുടെ കാലാവധി പരമാവധി മൂന്ന് മാസമാണ്. മേൽ പരാമർശിത ചെക്കുകൾ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ, 2011 ലെ കേരളാ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 46 പ്രകാരമുള്ള മേൽ നടപടികൾ സ്വീകരിക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/10-12-2024) മറുപടി ലഭിച്ചിട്ടില്ല. ചട്ട പ്രകാരമുള്ള അക്കൗണ്ട് ക്രമീകരണം നടത്തിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭ്യമായിട്ടില്ല

2022-23 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂൾ പ്രകാരം 47,38,193/- രൂപ റിഡംപ്ഷൻ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നതായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. 2023-24 വർഷത്തെ വാർഷികകണക്കുകളിലെ RP 45 ഷെഡ്യൂൾ പ്രകാരം ആയതിൽ 19,51,432/- രൂപ മാത്രമേ തൻവർഷം തിരികെ ലഭ്യമായിട്ടുള്ളു. ബാക്കി 27,86,761/- രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, തുക ലഭിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/10.12.2024) 443933/- രൂപ സബ് ട്രഷറിയിലെ സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ടിൽ നിലനിന്നിരുന്ന തുകയാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കുള്ള അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക തിരികെ ലഭ്യമാകാത്തതാണ്. ടി തുക കിഴിച്ച് ബാക്കി ലഭ്യമാകാനുള്ള 2342828/- രൂപ തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. സർക്കാരിൽ നിന്നും തിരികെ ലഭ്യമാകാനുള്ള തുകയുടെ വിശദാംശങ്ങൾ പരിശോധിച്ച് പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിക്കപ്പെട്ട വിവരങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 20 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയാണ്.

ക്രമ നം.	വാർഡ് / വാതിൽ നമ്പർ	ഉടമസ്ഥന്റെ പേര്	വർഷം	വസ്തു നികുതി ഇനത്തിലെ കുടിശ്ശിക
1	III/ 360	ഡിഷ്നെറ്റ് വയർലെസ്സ്	2013-14 ഒന്നാം അർദ്ധവർഷം	256979/-

		ലിമിറ്റഡ് (എയർസെൽ)	മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	

മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/10.12.2024) 30.04.2024 ൽ ഓൺലൈനായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്നും നിലവിൽ മേൽ കമ്പനി പ്രവർത്തിക്കുന്നില്ലായെന്നും ടവറിന്റെ പ്രവർത്തനത്തിനാവശ്യമായ സാധനങ്ങൾ കമ്പനി തന്നെ അഴിച്ചുമാറ്റിയിട്ടുള്ളതാണെന്നും കമ്പനി പ്രവർത്തിക്കുന്നില്ലാത്തതിനാൽ നികുതി ഈടാക്കുന്നതിന് സാധിക്കുന്നില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി തുക ഈടാക്കുന്നതിനുള്ള സാഹചര്യങ്ങൾ നിലവിൽ ഇല്ലായെങ്കിൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തി നികുതിഡിമാന്റ് ഒഴിവാക്കി നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. സ്ഥാപനം പ്രവർത്തനരഹിതമായ വർഷം കൃത്യമായി നിർണ്ണയിച്ച് അതുവരെയുള്ള വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

1-14 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

റോഡിന്റെ തരം	ബാധകമായ നിരക്ക് വ്യതിയാനം
5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	20 % നികുതി വർദ്ധനവ്
1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	നികുതി വർദ്ധനവോ ഇളവോ ഇല്ല.
1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ	10 % നികുതി ഇളവ്
പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ	20 % നികുതി ഇളവ്

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	I/ 235 A	സിബി ജേക്കബ്	പോൾ മെമ്മോറിയൽ റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
2	I/ 243 A	കുമാർ എം		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
3	IV/ 414 A	ജാൻസി ജോർജ്ജ്	പത്തൊമ്പതാം മൈൽ ചെന്നാക്കുന്ന് റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
4	IV/ 416 A	ഓമന		1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ്
5	V/ 419 A	വിനിത് സി ജോൺ	മഞ്ചികപ്പള്ളി പാറപ്പുറം റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
6	V/ 423 A	ബിജു		1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ്
7	V/ 30 B	പത്മനാഭൻ രാഘവൻ	പൂവം ചെറുവള്ളി റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
8	V/30 C	പി പി ജെയിംസ്		1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/10.12.2024) അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ ഏതാനും ഉദാഹരണം മാത്രമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി നിർണ്ണയം പരിശോധിച്ച് അപാകതയുണ്ടെങ്കിൽ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023 - 24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു .

ക്രമ നം.	2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1.	ശ്രീ. എബ്രഹാം തോമസ്
2.	ശ്രീ. തമ്പി തോമസ്
3.	ശ്രീ. ജിതിൻ എബ്രഹാം
4.	ശ്രീ. മുരുകൻ ബി
5.	ശ്രീ. സാബു സെബാസ്റ്റ്യൻ
6.	ശ്രീ. രവീന്ദ്രൻ നായർ പി എസ്

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/07-12-2024) മറുപടി ലഭിച്ചിട്ടില്ല. മേൽ പട്ടികയിൽ ഉൾപ്പെട്ട കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകതകൾ നിലനിൽക്കുന്നു

1)1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്
1	ദിവ്യാ ഹാർഡ്‌വെയർസ്
2	മാന്നാർ ഇലക്ട്രിക്കൽസ്

മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കാതിരുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/07-12-2024) മറുപടിയായി, ഇതിൽ ഒരു സ്ഥാപനം പ്രവർത്തനം നിർത്തിയെന്നും, രണ്ടാമത്തെ സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കാൻ നോട്ടീസ് നൽകിയെന്നും അറിയിച്ചു. പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2)പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	അപേക്ഷകന്റെ പേര്
1	വളയനാട്ട് ഡെന്റൽ ക്ലിനിക്	മാത്യു വി ജോസഫ്
2	ടൂത്ത് ലൈഫ് ഡെന്റൽ ക്ലിനിക്	ജോസി വർഗ്ഗീസ്
3	സ്മൈൽ ഡെന്റൽ ക്ലിനിക്	ദീപ എം നായർ

പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/07-12-2024) മറുപടിയായി,3 പാര മെഡിക്കൽ സ്ഥാപനങ്ങൾ ഒഴിച്ച് മറ്റുള്ളവയെല്ലാം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ഇനി മുതൽ ലൈസൻസിനോടൊപ്പം രജിസ്ട്രേഷൻ കൂടി എടുപ്പിക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത് പരിധിയിലെ പാര മെഡിക്കൽ സ്ഥാപനങ്ങളെയെല്ലാം രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

1-17 പഴയ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാരിൽ നിന്ന് വാടക ഈടാക്കുന്നില്ല

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ, ഗ്രാമപഞ്ചായത്തിലെ പഴയ ഷോപ്പിംഗ് ക്ലോംപ്ലക്സിലെ വാടകക്കാരിൽ നിന്നും വാടക ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്. 2023-24 വർഷവും പഴയ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാർ ഡിമാൻഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഇവരിൽ നിന്ന് വാടക ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(2/06-12-2024) നൽകുകയുണ്ടായി. പഴയ ഷോപ്പിംഗ് കോംപ്ളക്സിൽ പ്രവർത്തിക്കുന്ന കടമുറികളുടെ വാടക കുടിശ്ശിക 2021 ഏപ്രിൽ മുതൽ 2024 ഒക്ടോബർ മാസം വരെയുള്ളത് 2024 നവംബർ മാസം മുതൽ 12 തവണയായും, 2024 നവംബർ മുതലുള്ള വാടക പ്രതിമാസം 5-ാം തീയതിക്കു മുൻപായും ഈടാക്കുന്നതിന് 30/10/2024 തീയതിയിൽ കക്ഷികൾക്കു ഡിമാൻഡ് നോട്ടീസ് തയ്യാറാക്കി നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വാടക കുടിശ്ശികയും, 2024 നവംബർ മാസം മുതലുള്ള പ്രതിമാസ വാടകയും അടവാക്കി തുടങ്ങിയിട്ടുള്ളതും ആയതു സംബന്ധിച്ച വിവരങ്ങൾ വാടക രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പൂർണ്ണമായി ഈടാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 പഞ്ചായത്ത് ഔദ്യോഗിക വാഹനം -രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞ വാഹനത്തിന്റെ തുടർ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് കാര്യാലയത്തിലെ KL- 33 – 8923 നം ബൊലേറോ വാഹനത്തിന്റെ രജിസ്ട്രേഷൻ കാലാവധി ആയ പതിനഞ്ച് വർഷം 13/01/2023 ൽ പൂർത്തിയായ സാഹചര്യത്തിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 52 A പ്രകാരം വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദായതായി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ 20/11/2023 ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. കേരളത്തിൽ രജിസ്റ്റേർഡ് വെഹിക്കിൾ സ്ക്രാപ്പിംഗ് സെന്റർ നിലവിൽ വന്നിട്ടില്ലാത്തതിനാൽ വാഹനം തുരുമ്പെടുത്തു നശിച്ചു പോകാൻ സാധ്യതയുള്ളതിനാൽ ലേലം ചെയ്തു വിൽപ്പന നടത്തുന്നതിന് അനുമതിയ്ക്കായി തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്കും വാല്യുവേഷനു വേണ്ടി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD മെക്കാനിക്കൽ സബ് ഡിവിഷൻ മാവേലിക്കരയ്ക്കും അപേക്ഷ നൽകുന്നതിന് 20.11.23 ലെ പഞ്ചായത്ത് കമ്മിറ്റി (1(1)-ാം നമ്പർ) തീരുമാനം എടുത്തിട്ടുണ്ട്. ആയത് പ്രകാരം 23/11/2023 ൽ വാഹനം സ്ക്രാപ്പ് ആയി വില്പന നടത്തുന്നതിന് അനുമതിയ്ക്കായി തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് കത്തു നൽകി. എന്നാൽ അനുമതി ലഭിച്ചതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല (ഫയൽ നം - SC3-7654/2022). വാഹനം സ്ക്രാപ്പിംഗ് ഏജൻസി മുഖേന സ്ക്രാപ്പ് ആയി പൊളിച്ചു നീക്കുന്നതിന് 40,000 രൂപ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ചു നൽകിയിട്ടുണ്ട് (12/12/23 ലെ DB1/43/KTM/23 നം കത്ത് മുഖേന). എന്നാൽ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറിൽ നിന്ന് ലേല നടപടിയ്ക്ക് അനുമതി ലഭിച്ചില്ല എന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (01/05-12-24) മറുപടി ലഭ്യമായി.വാഹനം ലേലം ചെയ്യുന്നതിന് ആവശ്യമായ അംഗീകാരം വാങ്ങാൻ അടിയന്തിരമായി തുടർനടപടികൾ പൂർത്തിയാക്കി, ലേലം ചെയ്ത് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 വെള്ളക്കരം - കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 14 ആയി നിർണ്ണയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ഏപ്രിൽ 2023 ലെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റി ചുവടെ ചേർക്കും പ്രകാരം ഡിമാൻഡ് ചെയ്തിരിക്കുന്നതായി കാണുന്നു .

ഡിമാൻഡ് നം	72757/04-03-23 (@14559.12 / Year)
വാട്ടർ ടാപ്പുകളുടെ എണ്ണം	14

31/03/23 വരെ കുടിശ്ശിക	149564 രൂപ
ഫൈൻ	2940 രൂപ
തൻമാസ ഡിമാൻഡ്	16986 രൂപ
ആകെ	169490 രൂപ

എന്നാൽ ഗ്രാമപഞ്ചായത്ത് പ്രതിമാസ ഡിമാൻഡായ 16986 രൂപയാണ് 2023-24 ൽ പ്രതിമാസം അടവാക്കിയിട്ടുള്ളത്. കുടിശ്ശികയായി വാട്ടർ അതോറിറ്റി 04/24 വരെ കുടിശ്ശിക, പിഴപലിശ ഉൾപ്പെടെ 193663/-രൂപ ഡിമാൻഡ് ചെയ്തിട്ടുണ്ട്. കുടിശ്ശിക, പിഴപ്പലിശ ഇനങ്ങളിൽ വലിയ തുക വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്യുന്നതിനുള്ള കാരണവും ആയത് ഒഴിവാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമായില്ല. വെള്ളക്കരം കുടിശ്ശിക തുക സർക്കാർ വികസനഫണ്ടിൽ നിന്നും നേരിട്ട് കിഴിവ് വരുത്തുന്ന സാഹചര്യം വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ഡിമാൻഡ് നോട്ടീസിൽ നിന്നും കുടിശ്ശിക ഒഴിവായി ലഭിക്കുന്നതിന് ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 തെരുവ് വിളക്ക് പരിപാലനം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പ്രോജക്ട് നം./പേര്	170/24, തെരുവ് വിളക്ക് മെയിന്റനൻസ്
അടങ്കൽ തുക	₹ 426626 (തനത് ഫണ്ട്)
ചെലവ് തുക	₹425736 (തനത് ഫണ്ട്) ബിൽ നം - 97/02-08-23 , 202626/- 182/30-10-23 , 112000/- 432/27-02-24, 111110/-
നിർവ്വഹണോദ്യോഗസ്ഥൻ	ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി രാജു മുട്ടത്ത്, എന്നയാൾ 23.12.2022 ൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടു. കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം (നം. 22/27.02.23) Automated LED ബൾബുകൾ 906 എണ്ണം (365 രൂപ നിരക്കിൽ), 9 W LED ബൾബുകൾ 705 എണ്ണം (324/- രൂപ നിരക്കിൽ) എന്നിവ വാങ്ങി സ്ഥാപിക്കുന്നതിനും, തകരാറുള്ളത് മെയിന്റനൻസ് നടത്തിയതിനും 5,59,110/- രൂപ ചെലവായി. ആയതിനാൽ 2022-23 വർഷം 1,33,374/- രൂപ കരാറുകാരന് നൽകുകയും, പ്രോജക്ട് 2023-24 ൽ സ്പിൽ ഓവർ ആയി തുടരുകയും ബാലൻസ് തുക 425736 രൂപ തൻവർഷം കരാറുകാരന് അനുവദിക്കുകയും ചെയ്തു. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ലഭ്യമായില്ല.

1) തെരുവു വിളക്കുകളുടെ ഇനം, ശേഷി, എണ്ണം, ഘടിപ്പിച്ച വൈദ്യുതിപോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തയാറാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ.

2)വിളക്കുകളുടെ വാറന്റി ഉറപ്പു വരുത്തുന്നതിനുള്ള നടപടികളുടെ വിവരം.

3)വിവിധ വാർഡുകളിലെ മെമ്പർമാർ നൽകിയിരിക്കുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ വൈദ്യുത പോസ്റ്റ് നമ്പർ, മെയിന്റനൻസ് നടത്തിയ ബൾബുകളുടെ എണ്ണം എന്നിവ ചേർത്തിട്ടില്ല. ആയതിനാൽ വാങ്ങിയ ബൾബുകൾ പൂർണ്ണമായും സ്ഥാപിച്ചോ എന്നത് വ്യക്തമല്ല.

മേൽ ചേർത്ത വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/08.12.24) മറുപടിയായി രജിസ്റ്റർ എഴുതി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമെന്നും 2024-25 പ്രോജക്ടിൽ വിവിധ വാർഡുകളിലെ മെമ്പർമാർ നൽകിയിരിക്കുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ വൈദ്യുത പോസ്റ്റ് നമ്പർ, മെയിന്റനൻസ് നടത്തിയ ബൾബുകളുടെ എണ്ണം എന്നിവ ചേർത്തിട്ടുണ്ടെന്നും മറുപടി നൽകി. തെരുവു വിളക്കുകളുടെ ഇനം, ഘടിപ്പിച്ച വൈദ്യുതിപോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതും ബൾബുകളുടെ വാറന്റി കാലയളവിൽ മെയിന്റനൻസിനായി തുക ചെലവഴിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രങ്ങളിൽ പുതുതായി സ്ഥാപിക്കുന്ന ബൾബുകൾ, മെയിന്റനൻസ് നടത്തിയ ബൾബുകൾ എന്നിവ പ്രത്യേകമായി എഴുതി സാക്ഷ്യപ്പെടുത്തിവാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ,പേര്	283/24 , ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഡോറുകൾ മാറ്റി സ്ഥാപിക്കലും എസി ഉൾപ്പെടെയുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തലും
അടങ്കൽ തുക	825000/-
ചെലവ് തുക	165000/- (തനത് ഫണ്ട്) ബിൽ നം - 572/26-03-24
നിർവ്വഹണം	സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഡോറുകൾ മാറ്റി സ്ഥാപിക്കൽ, എ സി ഉൾപ്പെടെയുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തൽ, അതുമായി ബന്ധപ്പെട്ട ഇലക്ട്രിഫിക്കേഷൻ എന്നിവ നടപ്പാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോൺ PMC ആയി പ്രവൃത്തി ഏൽപ്പിക്കുകയും സിവിൽ വർക്കിനായി 7.41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഇലക്ട്രിഫിക്കേഷനായി 0.84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പെടെ ആകെ 8.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 06-02-24 ന് നിർമ്മിതി കേന്ദ്രം നൽകുകയും ചെയ്തിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി വഴി പ്രവൃത്തികൾ നടത്തുമ്പോൾ നിലവിൽ ബാധകമായ സ ഉ (അച്ചടിച്ചത്)നം 67/2021 ഫിൻ തീ 28-04-2021 പ്രകാരം Cost Effective Work കൾ Non PMC ആയി ചെയ്യുന്നതിനാണ് നിർമ്മിതി കേന്ദ്രം കോട്ടയത്തിന് അർഹതയുള്ളത്. ആയതിൽ ഉൾപ്പെടാത്ത വൈദ്യുതീകരണം നിർമ്മിതി കേന്ദ്രത്തിനെ ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 25/13-12-24) യ്ക്ക് മറുപടി ലഭ്യമായില്ല. 8.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി ഹാജരാക്കിയെങ്കിലും 20% തുകയായ 165000/- രൂപ മുൻകൂറായി 26/03/24 ൽ നിർമ്മിതി കേന്ദ്രത്തിന് കൈമാറുകയാണ് തൻവർഷം ചെയ്തത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അക്രിറ്റഡ് ഏജൻസികൾക്ക് അനുവദിച്ച പ്രവൃത്തികൾ മാത്രമാണ് ഏജൻസികൾ മുഖേന നടപ്പാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-22 107-ാം നമ്പർ അങ്കണവാടിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം - പൂർത്തിയായില്ല.

പ്രോജക്ട് നം, പ്രോജക്ട്	166/24, 107-ാം നമ്പർ അങ്കണവാടിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം (SO)

അടങ്കൽ തുക	1000000/- [700000 കേന്ദ്രാവിഷ്കൃത ഫണ്ട് + 300000 – തനതുഫണ്ട്]
നിർവ്വഹണം	സെക്രട്ടറി
ചെലവ് തുക	300000 (തനത് ഫണ്ട്) (ബിൽ നം - 160 /07-10-23 -200000 രൂപ) ബിൽ നം - 189 /30-10-23 -100000 രൂപ)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാഴൂർ ഗ്രാമപഞ്ചായത്ത് 16 -ാം വാർഡിൽ 107 -ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തനത് ഫണ്ട് 3 ലക്ഷം രൂപയും, സാമൂഹ്യ നീതി വകുപ്പ് ഫണ്ട് 2 ലക്ഷം രൂപയും തൊഴിലുറപ്പ് പദ്ധതി മിഷൻ ഓഫീസിൽ അടച്ചിട്ടുണ്ട്. നിർമ്മാണ പുരോഗതിയുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09/09.12.24) മറുപടിയായി 2024-25 വർഷത്തെ പ്രോജക്ടിൽ തൊഴിലുറപ്പ് പദ്ധതി വിഹിതം 8 ലക്ഷം രൂപ, സാമൂഹ്യനീതി വകുപ്പ് വിഹിതം 2 ലക്ഷം രൂപ ഉൾപ്പെടെ ആകെ 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുത്ത് സാങ്കേതികാനുമതി വാങ്ങി സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് ബ്ലോക്ക് തലത്തിൽ 2024-25 ൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചു. എന്നാൽ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ റീടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതായും സെക്രട്ടറി അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച ശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-23 ജി എസ് ടി തുക അധികമായി നൽകിയിരിക്കുന്നു

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ ജി എസ് റ്റി ഉൾപ്പെടെയുള്ള തുക കോട്ട് ചെയ്തതിനുശേഷം അവസാന ബിൽ നൽകിയപ്പോൾ ജി എസ് റ്റി തുക വീണ്ടും നല്കിയതായി കാണുന്നു.

പ്രോജക്ട് നം.	ഇനം	കോട്ട് ചെയ്ത തുക (ജി എസ് റ്റി ഉൾപ്പെടെ)	ബിൽ നം., തീയതി	ഇൻവോയ്സ് നം., തീയതി	ഇൻവോയ്സ് തുക	സ്ഥാപനം
30/23-24 മരുന്ന് വാങ്ങൽ	മൂന്ന് പല്ലറ്റുകൾ	13717.36	26/20.12.2023 = 70421.00 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)	249/ 06.12.2023	14850.00	വി കെയർ സർജിക്കൽസ് & കെമിക്കൽസ്
30/23-24 മരുന്ന് വാങ്ങൽ	മെഡിസിൻ കവർ	8800.00	31/06.01.2024 = 85651.00 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)	BC/060/2023-24 /16.12.2023	10384.00	ആർ എസ് പേപ്പർ പ്രോഡക്ട്സ്
269/23-24 വാഴൂർ എഫ് എച്ച് സിയിലേയും സബ് സെന്ററുകളിലേയും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ	എച്ച് ബി മീറ്റർ & സ്ട്രിപ്പ്	7525.00	6554/21.12.2023 – 8428.00 (ഹെൽത്ത് ഗ്രാന്റ്)	1083/06.12.2023	8428.00	നന്ദ ബയോടെക്
266/23-24 രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ കുടുംബാരോഗ്യ കേന്ദ്രം വാഴൂർ	മൂന്ന് പല്ലറ്റുകൾ	13717.36	6553/ 21.12.2023 – 198384 (ഹെൽത്ത് ഗ്രാന്റ്)	251/07.12.2023	14850.00	വി കെയർ സർജിക്കൽസ് & കെമിക്കൽസ്

ഇപ്രകാരം ജി എസ് റ്റി അടക്കമുള്ള തുക കോട്ട് ചെയ്തതിൽ നിന്നും ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തിന് സാധനങ്ങൾ വിതരണം ചെയ്യാൻ കരാർ നൽകിയതിനു ശേഷം വീണ്ടും ജി എസ് റ്റി തുക ഉൾപ്പെടെയുള്ള തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/10.12.2024) ശ്രദ്ധിക്കാതെ സംഭവിച്ച അപാകതയാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്വട്ടേഷനുകൾ ലഭ്യമാകുമ്പോൾ കൃത്യമായി പരിശോധിക്കേണ്ടതും ക്വട്ടേഷനിൽ കോട്ട് ചെയ്ത തുക അനുസരിച്ച് വാങ്ങലുകൾ നടത്തേണ്ടതുമാണ്. തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 മെൻസ്ട്രൽ കപ്പ് - വിതരണം പൂർത്തിയായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നം./പേര്	152/23-24 ആർത്തവ ശുചിത്വ ബോധവത്കരണവും മെൻസ്ട്രൽ കപ്പ് വിതരണവും
അടങ്കൽ	50000 (തനത് ഫണ്ട്)
ചെലവ്	49364 (തനത് ഫണ്ട്)
ബിൽ നം., തീയതി	416/17.02.2024 – 16800 427/23.02.2024 – 16800 475/15.03.2024 – 3500 490/21.03.2024 – 12264

പ്രോജക്ട് പ്രകാരം കൊച്ചിൻ സർജിക്കൽസ് സപ്ലൈസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 2023-24/617 – 15.02.2024, 2023-24/3668 – 22.02.2024, 2023-24/664 – 18.03.2024 എന്നിവ പ്രകാരം 273 മെൻസ്ട്രൽ കപ്പുകൾ (ഒരെണ്ണത്തിന് 150 + 18 (12% GST) = 168 രൂ) ലഭ്യമായിട്ടുണ്ട്. എന്നാൽ അവ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്തൃലിസ്റ്റ് പ്രകാരം 144 ഗുണഭോക്താക്കളാണുള്ളത്. എന്നാൽ 273 മെൻസ്ട്രൽ കപ്പുകളാണ് വാങ്ങിയിട്ടുള്ളത്. വിതരണ രേഖകൾ അടിയന്തിരമായി പരിശോധനക്ക് ലഭ്യക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/10.12.2024) മറുപടിയായി 250 മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 23 എണ്ണം വിതരണം ചെയ്യാതെ പി എച്ച് സി യിൽ സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ

എണ്ണം പരിഗണിക്കാതെ വാങ്ങൽ നടത്തിയതിനാലാണ് ഇപ്രകാരം ഗുണഭോക്താക്കളെ ലഭ്യമാകാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം വാങ്ങൽ നടപടികൾ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അവശേഷിക്കുന്ന 23 മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

1-25 അക്ഷരമുറ്റം-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ.

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ അക്ഷരമുറ്റം പദ്ധതിയിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണപ്പെട്ടു.

1. അക്ഷരമുറ്റം പദ്ധതിയുടെ(പ്രോജക്ട് നമ്പർ 154/23-24) ലക്ഷ്യം, സ്കൂളുകളിൽ ദിനപ്പത്രവും ആനുകാലിക പ്രസിദ്ധീകരണങ്ങളും നൽകി കുട്ടികളിൽ വായനാശീലം വളർത്തുക എന്നതായിരുന്നു. പദ്ധതിയിലുൾപ്പെടുത്തി 12 സ്കൂളുകളിൽ പത്രങ്ങളും ആനുകാലികങ്ങളും നൽകുവാനുള്ള ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ക്വട്ടേഷൻ പ്രസിദ്ധീകരിച്ചത് വാഴൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം, വാഴൂർ വില്ലേജ് ഓഫീസ്, എൻ എസ് എസ് ഗവ.എൽ പി സ്കൂൾ എന്നിവിടങ്ങളിൽ മാത്രമാണ്. ഇത് മൂലം ക്വട്ടേഷൻ വേണ്ടത്ര പൊതു ശ്രദ്ധയിൽപ്പെടുകയുണ്ടായില്ലയെന്ന് കാണുന്നു. ലഭ്യമായ 3 ക്വട്ടേഷനുകളിൽ ഒരു ക്വട്ടേഷൻ 21/7/2023 ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയുണ്ടായി. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥന് കത്ത് നല്കണമെന്നാവശ്യപ്പെട്ട് സ്കൂളുകൾക്ക് നിർവഹണ ഉദ്യോഗസ്ഥൻ നല്കിയ അറിയിപ്പിൽ 27/7/23 വരെ ആയിരുന്നു അനുവദിച്ച സമയം. സ്കൂളുകളിൽ നിന്ന് പത്രമാസികകളുടെ ആവശ്യം അറിയിക്കുന്നതിന് മുൻപ് 21/7/23 ൽ തന്നെ ക്വട്ടേഷൻ അംഗീകരിച്ച സാഹചര്യം വ്യക്തമല്ല. പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട് കത്ത് നൽകിയത് രണ്ട് സ്കൂളുകൾ മാത്രമാണ്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെടാതിരുന്ന 10 സ്കൂളുകളെയും ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയതിലൂടെ വികസനഫണ്ടിന്റെ അനാവശ്യമായ ചെലവ് ഉണ്ടായതായി കാണുന്നു.

2. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള, പത്രമാസിക സ്ഥാപനവും നിർവഹണ ഉദ്യോഗസ്ഥനും തമ്മിൽ 2024 ജനുവരി മാസം 25 ന് ഏർപ്പെട്ടിട്ടുള്ള കരാറിൽ 2024 ഫെബ്രുവരി 1 മുതൽ 2025 ജനുവരി 31 വരെ സ്കൂൾ പ്രവൃത്തി ദിനങ്ങളിൽ ദേശാഭിമാനി ദിനപത്രവും എല്ലാ രണ്ടാഴ്ചയിലും ഇറങ്ങുന്ന ബാലമാസികയായ തത്തമ്മയും ക്വട്ടേഷനിൽ സൂചിപ്പിച്ചിരിക്കുന്ന എണ്ണം അനുസരിച്ച് എത്തിച്ചു നല്കണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. 02-02-2024 ലെ ട്രഷറി ബിൽ പ്രകാരം ക്വട്ടേഷനിൽ സൂചിപ്പിച്ച തുകയായ 49080/- പത്രസ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുമുണ്ട്. എന്നാൽ ഇപ്രകാരം സബ്സിഡി പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിൽ ഒഴികെ അഡ്വാൻസായി നല്കാവുന്നതല്ല എന്നാണ് സർക്കാർ ഉത്തരവ് നം.115/2022/തസ്വഭവ തീയതി 28/05/2022 പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നത്. മതിയായ ബില്ലുകളില്ലാതെ തുക മുഴുവൻ മുൻകൂർ നല്കിയത് സർക്കാർ മാർഗ്ഗരേഖയുടെ ലംഘനമാണ്.

3. പദ്ധതിയിലുൾപ്പെട്ട 12 സ്കൂളുകളിലും പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമായിരുന്നോ എന്ന് വ്യക്തമാക്കുന്ന സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തിയ രേഖകളും ലഭ്യമല്ല.

പ്രോജക്ട് നിർവഹണത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/12-12-2024) മറുപടിയായി, പദ്ധതിയുടെ രൂപീകരണ വേളയിൽ പഞ്ചായത്ത് പരിധിയിലുള്ള സ്കൂൾ അധികൃതർ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നു എന്നും, 12 സ്കൂളുകളിലും പത്രം ലഭ്യമായതിന്റെ സാക്ഷ്യ രേഖകൾ ലഭ്യമാക്കാമെന്നും, 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതി ആയിരുന്നതിനാലും 2024 ജൂൺ മാസം മുതൽ പദ്ധതി നടപ്പാക്കാമെന്ന് ലക്ഷ്യമിട്ടിരുന്നതിനാലുമാണ് തുക മുൻകൂർ നൽകിയതെന്നും അറിയിച്ചു. പദ്ധതി നടത്തിപ്പിലെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുംവിധം കാര്യക്ഷമമായി പദ്ധതികൾ നടപ്പാക്കേണ്ടതുമാണ്.

എല്ലാ സ്കൂളുകളിൽ നിന്നും പ്രസിദ്ധീകരണങ്ങൾ ലഭിക്കുന്നുവെന്നതിന്റെ സാക്ഷ്യപ്പെടുത്തിയ രേഖകൾ ലഭ്യമാക്കുന്നതുവരെ പ്രോജക്ട് പ്രകാരമുള്ള 49080/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 വീട് വാസയോഗ്യമാക്കൽ - പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ പ്രകാരം 2022-23 ൽ മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലയെന്ന് രജിസ്റ്റർ പരിശോധനയിൽ കാണപ്പെട്ടു.

1)

നിർവ്വഹണോദ്യോഗസ്ഥൻ	വി ഇ ഓ
പ്രോജക്ട് നം , പേര്	172/24, പൊതു വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വാസയോഗ്യമാക്കൽ (SO)
ചെലവ് തുക	1,55,000 (തനത് ഫണ്ട്)
ഒരാൾക്ക് അനുവദിച്ച ധനസഹായം	75000/- രൂപ
മുൻകൂർ	35000/- രൂപ

ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ട 50 പേരിൽ 2023-24 ൽ ധനസഹായം അനുവദിച്ച മൂന്ന് ഗുണഭോക്താക്കൾ ഉൾപ്പെടെ 48 പേരും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ അഡ്വാൻസ് മാത്രം കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവ്	കൈപ്പറ്റിയ തീയതി	തുക (രൂപ)
1	ഒ.സി രഘു, ഉഴത്തിൽ, വാഴൂർ	22.10.22	35000
2	രത്നമ്മ കെ കെ, തയ്യിൽ, ചെന്നാക്കുന്ന്	22.10.22	35000

2)

നിർവ്വഹണോദ്യോഗസ്ഥൻ	വി ഇ ഓ
പ്രോജക്ട് നം, പേര്	173/24 , പട്ടികജാതി വിഭാഗം വീട് വാസയോഗ്യമാക്കൽ
ചെലവ് തുക	1,00,000 വികസന ഫണ്ട് (എസ്.സി.പി.)
ഒരാൾക്ക് അനുവദിച്ച ധനസഹായം	100000/- രൂപ
മുൻകൂർ	50000/- രൂപ

2022-23 വർഷം 23 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടു. 2023-24 ൽ ധനസഹായം അനുവദിച്ച രണ്ട് ഗുണഭോക്താക്കൾ ഉൾപ്പെടെ 22 പേരും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഗോപി റ്റി എസ്, തെക്കേപ്പുരയ്ക്കൽ, കാഞ്ഞിരപ്പാറ, വാഴൂർ എന്ന ഗുണഭോക്താവ് 15.03.22 ന് 50000/- രൂപ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ അഡ്വാൻസ് തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

1-27 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2023-24 ൽ നിക്ഷേപ പ്രവൃത്തികൾക്കായി പ്രോജക്റ്റുകൾ മുഖേന തുകകൾ വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂപ)	ബിൽ നം/ തീയതി
കെഎസ് ഇ ബി	മൂലയിൽ കുടിവെള്ള പദ്ധതി, 2-ാം ഘട്ടം ത്രീഫേസ് ലൈൻ വലിക്കൽ (243/24)	116778 (തനത് ഫണ്ട്)	460/14-03-24
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	മംഗലത്തുകുന്ന് Sc സങ്കേതം കുടിവെള്ള പദ്ധതി (143/24)	64039 (എസ് സി പി)	33/20-02-24
	പാതയോരശൗചാലയത്തിന് കുഴൽക്കിണർ നിർമ്മിച്ച് മോട്ടോർ , ടാങ്ക് ഇവ സ്ഥാപിക്കൽ (171/24)	47188 (തനത് ഫണ്ട്) + 134812 (കേന്ദ്രാവിഷ്കൃതം) ആകെ - 182000	363/30-01-24 ചെക്ക് നം – 664723/ 31.01.24
ആകെ		362817/-	

മേൽ പ്രോജക്റ്റുകളുടെ പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. പൂർത്തീകരണ വിവരം/വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ 362817/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 ടാറിംഗ് പ്രവൃത്തികൾ -ബാരൽ വില ഈടാക്കിയില്ല.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കും വിധം നടപ്പാക്കിയ ടാറിംഗ് റീടാറിംഗ് പ്രവൃത്തികളിൽ ബാരൽവില ബില്ലിൽ കിഴിവ് ചെയ്യുകയുണ്ടായില്ലയെന്ന് കാണുന്നു.

പ്രോജക്റ്റ് നമ്പർ, പേര്	ഉപയോഗിച്ച ബാരലുകൾ	ഈടാക്കേണ്ടബാരൽ വില(238) +ജി എസ് ടി((18%)	കരാറുകാരൻ
204/24,കോട്ടേപ്പടവ് കാപ്പുകാട് റോഡ് പുനരുദ്ധാരണം	12	2856 + 514 =3370	ശ്രീകല പ്രദീപ്, വടക്കേക്കുന്നേൽ
189/24,പതിനേഴാം മൈൽ തേക്കാനം റോഡ് റീടാറിംഗ്	24	5712+1028 =6740	എബ്രഹാം തോമസ് പാറേമാക്കൽ
193/24,ചാമംപതാൽ പനംതാനം മിച്ചഭൂമിറോഡ് നവീകരണം	6	1428 + 257 =1685	ശ്രീകല പ്രദീപ്, വടക്കേക്കുന്നേൽ

ബാരൽ വില കിഴിവ് വരുത്താതെ കരാറുകാർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.26/13-12-2024) ക്ക് മറുപടി ലഭിച്ചില്ല. ജി എസ് ടി ഉൾപ്പെടെ ബാരൽ വില ഈടാക്കി അതാത് ശീർഷകങ്ങളിൽ അടവാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-29 മരാമത്ത് പ്രവൃത്തിക്ക് കരാർ വച്ച കോൺട്രാക്ടർ പ്രവൃത്തിചെയ്യാത്തത്-തുടർനടപടി സ്വീകരിച്ചില്ല.

അസി.എൻജിനീയർ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്റ്റാണ് (207/24) നമ്പർ, വടക്കേചൂഴിക്കുന്നേൽ ലൈഫ് സങ്കേതം കുടിവെള്ള പദ്ധതി. പ്ലാറ്റ്ഫോം തയ്യാറാക്കി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമാക്കിയിരുന്നത്. 2021-22 ൽ 228-ാം നമ്പരായി തയാറാക്കിയ പ്രോജക്റ്റിന് ടെന്ററ് നടപടികളിലൂടെ ജിനു ജോർജ്, ചെന്നാടത്തിൽ, കരിങ്കുന്നം പി ഒ എന്നയാളുടെ ടെന്ററ് അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കുകയും 16-02-2022ൽ കരാർവച്ച് 23-02-2022 ൽ സൈറ്റ് ഏറ്റെടുക്കുകയും ചെയ്തിരുന്നു. പ്രവൃത്തി പൂർത്തീകരണകാലാവധിയായ 6 മാസം 21-08-22 ൽ പൂർത്തിയായതായും കരാർവച്ചശേഷം കരാറുകാരനായ ജിനു ജോർജ് പ്രവൃത്തി തുടങ്ങിയിരുന്നില്ലയെന്നും ടിയാളെപ്പറ്റി വിവരങ്ങളില്ലയെന്നും അസി.എൻജിനീയർ 25-08-22 ലെ കത്ത് മുഖാന്തിരം സെക്രട്ടറിയെ അറിയിച്ചു.

ഇതേത്തുടർന്ന് 26-08-22 ലെ പഞ്ചായത്ത് കമ്മിറ്റി (1/6) നമ്പരായി കോൺട്രാക്ടറായ ജിനു ജോർജ് ന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി നടപ്പാക്കുന്നതിനും പ്രവൃത്തിക്ക് റീടെന്ററ് ക്ഷണിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

റീടെന്ററിലൂടെ ജിൻസ് ജോർജ്, കുരിശുംമൂട്ടിൽ എന്ന കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കരാർവച്ച ശേഷം പ്രവൃത്തി നടത്താത്ത ജിനു ജോർജ് എന്ന കരാറുകാരനെതിരെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമനുസരിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.10/09-12-2024 നുള്ള മറുപടിയിൽ കരാറുകാരൻ അടവാക്കിയിട്ടുള്ള സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടുന്നതുൾപ്പെടെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. കരാർ ലംഘനത്തിന് കരാറുകാരനെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-30 കുട്ടികളുടെ പാർക്ക്-നക്ഷത്രജലോത്സവം ഗ്രാമീണടൂറിസം -പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി (29/24) നമ്പരായി രൂപീകരിച്ച ഏകവർഷ പ്രോജക്റ്റിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും വിശദീകരിച്ചിട്ടുള്ളത് പഞ്ചായത്തിലെ 6ാം വാർഡിൽ പൊത്തൻപ്ലാക്കൽ ചെക്ക്ഡാമിനോട് ചേർന്ന സ്ഥലങ്ങളിൽ ഗ്രാമീണടൂറിസം വികസിപ്പിക്കുന്നതിനും കുട്ടികൾക്കും യുവജനങ്ങൾ, മുതിർന്നവർ വയോജനങ്ങൾ എന്നിവർക്കും വിനോദത്തിന് ഊന്നൽ നല്കിക്കൊണ്ട് നക്ഷത്രജലോത്സവം എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് പ്രത്യേക പാർക്ക് നിർമ്മാണത്തിനായുള്ള പ്രോജക്റ്റ് എന്നാണ്.

വികസനഫണ്ട് 750000/-, തനത് ഫണ്ട് 10000/- ഉൾപ്പെടെ ആകെ 760000/- രൂപ അടങ്കലിൽ തയാറാക്കിയ പ്രോജക്റ്റിന്റെ ഒന്നാം പാർട്ട് ബില്ലായി 2023-24 ൽ വികസനഫണ്ട് 311185/- രൂപ (ബിൽ നം 18/25-3-24) പ്രകാരം ചെലവഴിച്ചു. 2024-25 ൽ സ്പിൽ ഓവർ പ്രോജക്റ്റ് 264/25 പ്രകാരം 419458/- (BRN24080352015800757477/8-10-24) രൂപ ഫൈനൽ ബിൽ ആയും നല്കിയിട്ടുണ്ട്. പ്രവൃത്തിക്കായി നാളിതുവരെ 730643/- രൂപ ചെലവഴിച്ചുവെങ്കിലും നിലവിലുള്ള തോടിന്റെ സംരക്ഷണഭിത്തിക്ക് മുകളിൽ ബെൽറ്റ് കോൺക്രീറ്റിംഗ് നടത്തി പൈപ്പുകളും ഹാന്റ് റെയിലുകളും സ്ഥാപിക്കുക, പാലത്തിൽ നിന്നും സ്റ്റെപ്പുകൾ നിർമ്മിക്കുക, മണ്ണ് ഫില്ലിംഗ് നടത്തി ടൈൽ പാകാൻ പാകത്തിൽ നടപ്പുവഴി നിരപ്പാക്കി കോൺക്രീറ്റ് ചെയ്യുക, 112.235 M2 ടൈൽ പാകൽ എന്നിവയാണ് ഇ എം ബുക്ക് പ്രകാരം നിലവിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾ.

കുട്ടികളുടെ പാർക്ക് എന്ന നിലയിൽ പ്രവൃത്തി യാഥാർത്ഥ്യമായിട്ടില്ലയെന്നാണ് ഓഡിറ്റ് ടീം 10-12-2024 ൽ എൻജിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥനുമൊത്ത് സ്ഥലപരിശോധന നടത്തിയതിൽ വ്യക്തമായത്.

പ്രോജക്ട് ലക്ഷ്യപ്രാപ്തികൈവരിക്കാൻ പാകത്തിൽ തുടർ പ്രവൃത്തികൾക്കായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം21/11-12-2024) മറുപടി ലഭിച്ചില്ല.

12-12-2024 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ടി വിഷയം ശ്രദ്ധയിൽപ്പെടുത്തയപ്പോൾ അടുത്ത വർഷത്തോടെ കുട്ടികളുടെ പാർക്ക് മതിയായ സൗകര്യങ്ങളോടെ പ്രവർത്തനക്ഷമമാക്കുമെന്നാണ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചത്.

പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന തരത്തിൽ കുട്ടികളുടെ പാർക്ക് പ്രവർത്തനമാരംഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിക്കും വരെ ടി പ്രോജക്ടിനായി തൻവർഷം ചെലവഴിച്ച 311185/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പനംപുന്ന സബ്സെന്റർ - സ്ഥലം വാങ്ങൽ - നിർമ്മാണ പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തിയുടെ നം./പേര്	223/24, പനംപുന്ന സബ്സെന്റർ - സ്ഥലം വാങ്ങൽ
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ തുക	5 ലക്ഷം (തനത് ഫണ്ട്)
ചെലവ്	454357 (തനത് ഫണ്ട്) (ബിൽ നം. 232/27-11-23)

വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പനംപുന്ന സബ്സെന്ററിന് വേണ്ടി പ്രോജക്ട് പ്രകാരം 7 സെന്റ് സ്ഥലം വാങ്ങി, 25/11/2023 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തീറാധാരം എഴുതുകയും 29/12/2023 ന് പഞ്ചായത്തിന്റെ പേരിൽ കരം അടയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസി.എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായ പ്രോ.നം.282/24 പ്രകാരം 10,60,000/- രൂപ (ഹെൽത്ത് ഗ്രാന്റ്) സബ്സെന്റർ നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് മുൻകൂർ തുക നല്കുകയും ചെയ്തിട്ടുണ്ട്. സബ്സെന്റർ നിർമ്മാണ പ്രവർത്തന പുരോഗതി വിവരം ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (24/13.12.24) ക്ക് മറുപടി ലഭ്യമായില്ല. സബ്സെന്റർ നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-32 വയോജനങ്ങൾക്ക് പ്രഭാതസായാഹ്നവിശ്രമ കേന്ദ്രം -പൂർത്തിയായില്ല.

അസി എൻജിനീയർ നടപ്പാക്കിയ (222/24) പ്രോജക്ടിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി പ്രോജക്ട് രേഖകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വയോജനങ്ങളുടെ ശാരീരികമാനസിക ഉല്ലാസത്തിന് വേണ്ടിയുള്ള പ്രഭാതസായാഹ്നവിശ്രമകേന്ദ്രവും കഫറ്റീരിയ, ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഗ്രാമീണ ടൂറിസത്തിന്റെ ഭാഗമായി നക്ഷത്രജലോത്സവം സംഘടിപ്പിക്കുന്ന പൊത്തൻപ്ലാക്കൽ ഭാഗത്തെ പഞ്ചായത്ത് സ്ഥലത്ത് ആവശ്യമായ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള പ്രോജക്ട് എന്നാണ്.

വികസനഫണ്ട് 250000/-, തനത് ഫണ്ട് 50000/-, ജില്ലാപഞ്ചായത്ത് വിഹിതം 1000000/- രൂപ ഉൾപ്പെടെ ആകെ 1300000/- രൂപ വകയിരുത്തിയ പ്രോജക്ട് പ്രകാരം നിലവിലുള്ള തോടിന്റെ സംരക്ഷണഭിത്തിക്ക് മുകളിൽ ബെൽറ്റ് കോൺക്രീറ്റിംഗ് നടത്തി പൈപ്പുകളും ഹാന്റ് റെയിലുകളും സ്ഥാപിക്കുക, മണ്ണ് ഫില്ലിംഗ് നടത്തി ടൈൽ പാകാൻ പാകത്തിൽ നടപ്പുവഴി നിരപ്പാക്കി കോൺക്രീറ്റ് ചെയ്യുക, 234.59 M2ടൈൽ പാകൽ എന്നിവയാണ് ഇ എം ബുക്ക് പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തികൾ. പ്രോജക്ട് നം.29/24, നക്ഷത്രജലോത്സവം ഗ്രാമീണ ടൂറിസം കുട്ടികളുടെ പാർക്ക് എന്ന പ്രോജക്ട് പ്രകാരവും ഇതേയിനം പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ അളവുകളിലും/ പ്രവൃത്തികളിലും ഇരട്ടിപ്പ് വരാനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.

2023 -24 ൽ വികസനഫണ്ട് 250000/- രൂപ ബിൽ നം 21/25-3-24 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2024-25 ലെ സ്പിൽ ഓവർ പ്രോജക്ട് 266 പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതം 478826/- (BRN 240803520158007072226/26-9-24,102320/, BRN 24080352015800789825/17-10-24,

376506/-) രൂപയും ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ 728826/- രൂപയാണ് പ്രോജക്ടിനായി ചെലവഴിച്ചത്.

എന്നാൽ പ്രോജക്ട് ലക്ഷമാക്കിയ പ്രഭാതസായാഹ്നവിശ്രമകേന്ദ്രം, കഫറ്റീരിയ, ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഇനിയും സ്ഥാപിക്കാനായിട്ടില്ലയെന്ന് 10-12-2024 ൽ എൻജിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥനുമൊത്ത് ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തിയതിൽ നിന്നും വ്യക്തമാകുന്നു.

പ്രോജക്ട് ലക്ഷ്യപ്രാപ്തികൈവരിക്കാൻ പാകത്തിലുള്ള തുടർ പ്രോജക്ടുകൾ ഏറ്റടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (22/11-12-2024) മറുപടി നല്കിയില്ല. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാലും ഓഡിറ്റ് എൻക്വയറിക്ക് കൃത്യമായ മറുപടി ലഭിക്കാത്തതിനാലും 250000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ തുടർ പ്രോജക്ടുകൾ ഏറ്റെടുത്ത് പദ്ധതിലക്ഷ്യം കൈവരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-33 ലൈഫ് - ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്.

പൊതു വിഭാഗം, പട്ടികജാതി വിഭാഗങ്ങളിലായി ലൈഫ് ഭവനപദ്ധതി പഞ്ചായത്തിൽ നടപ്പാക്കി വരുന്നു. ലൈഫ് 20-20 പ്രോജക്ടുളാണ് (149/24) എന്ന പ്രോജക്ടിലൂടെ പൊതു വിഭാഗത്തിലും, 148/24, 174/24 എന്നീ പ്രോജക്ടുകളിലായി പട്ടികജാതി വിഭാഗത്തിലും 2023-24 ൽ നടപ്പാക്കിയത്. രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു. പൊതു വിഭാഗത്തിൽ കരാറിലേർപ്പെട്ട 70 പേരിൽ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ മാത്രമാണ് അഡ്വാൻസ് കൈപ്പറ്റിയതിനു ശേഷം പ്രവൃത്തി തുടരാതെയുള്ളത്.

ക്രമ നം.	ഗുണഭോക്താവ്	കൈപ്പറ്റിയ തുക	തീയതി
1	ചാക്കോ പീറ്റർ ആട്ടുംകൂട്ടുങ്കൽ ചാമംപതാൽ	40000 (ബ്ലോക്ക് വിഹിതം)	22/06/23

2	ഷിജോ ജോൺ തുളുവൻചിറ വാഴൂർ	40000 (വികസന ഫണ്ട്)	11/05/23

പട്ടികജാതി വിഭാഗം ലൈഫ് 20-20 യിൽ 2023-24 ൽ കരാറിലേർപ്പെട്ട 9 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുൻകൂർ നൽകിയ തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-34 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ

I. ആമുഖം

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കി വരുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന പ്രധാന വെല്ലുവിളി.

സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭക ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് തന്നെ ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് മാലിന്യനിർമ്മാർജ്ജന പ്രക്രിയകൾ മാറേണ്ടിയിരിക്കുന്നു. 16വാർഡുകൾ ഉൾക്കൊള്ളുന്ന വാഴൂർ ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്ന വീടുകളും സ്ഥാപനങ്ങളും ഒഴിവാക്കിയാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 6524 വീടുകളിലും കടകളും മറ്റ് സ്ഥാപനങ്ങളുമായി 699 എണ്ണത്തിലുമാണുള്ളത്. 16 വാർഡുകളിലായി ആകെ 30 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ ശേഖരണസംസ്കരണപ്രവർത്തനത്തിൽ പങ്കാളികളായിട്ടുള്ളത്. പഞ്ചായത്തിന്റെ തീരുമാനപ്രകാരം ഒഴിവാക്കിയ ആശ്രയ അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താക്കളുടെ വീടുകൾ, ഒഴിഞ്ഞുകിടക്കുന്ന വീടുകൾ, എന്നിവയൊഴികെ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്.

മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് വാഴൂർ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ വിവരിക്കുന്നു.

1.) പഞ്ചായത്തിന്റെ സ്വന്തം കെട്ടിടങ്ങളിലായി 3 എം സി എഫ് കളിലാണ് മാലിന്യം തരം തിരിച്ച് ശേഖരിക്കുന്നത്. ഗ്രാമപഞ്ചായത്തോഫീസിന് സമീപം,പുളിക്കൽകവല,തേക്കാനം എന്നിവിടങ്ങളിലായാണ് എം സി എഫ് കൾ സ്ഥാപിച്ചിട്ടുള്ളത്. വാഹനങ്ങൾക്ക് എത്തിച്ചേരാൻ പര്യാപ്തമായ സൗകര്യങ്ങളുള്ളവയാണ് എം സി എഫുകളെങ്കിലും പ്രധാനമായും സ്റ്റോറേജ് സൗകര്യങ്ങൾ മാത്രമാണ് കൂടുതലായും ലഭ്യമായുള്ളത്.

2.) എല്ലാ വാർഡിലും രണ്ട് എണ്ണം വീതം മിനി എം.സി.എഫ് കൾ സ്ഥാപിച്ചിട്ടുണ്ട്.

3.) മാലിന്യനീക്കത്തിന് വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ ഡ്രൈവറെ നിയോഗിക്കേണ്ടതായി വരുന്നു എന്ന സാഹചര്യം നിലനില്ക്കുന്നു.

2 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ കാര്യമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 30 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. വീടുകളിൽനിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് ഉറവിടത്തിൽതന്നെ പ്രാഥമികമായി തരം തിരിച്ച് മിനി എം.സി.എഫ് കളിലേക്കും, തുടർന്ന് മെയിൻ എം.സി.എഫ്-ലും എത്തിച്ച് സൂക്ഷിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്. മാലിന്യനീക്കം കാര്യക്ഷമമായി നടക്കുന്നുവെന്നാണ് എം.സി.എഫി ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടത്. മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് ഹരിതകർമ്മസേന,ഗ്രാമപഞ്ചായത്ത് എന്നിവ ചേർന്ന് 2023-24ൽ രണ്ട് തവണ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

3 മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിച്ചതിന്റെയും,നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് പിടിച്ചെടുത്തതിന്റെയും അടിസ്ഥാനത്തിൽ കുറ്റക്കാരായി കണ്ടെത്തിയവരിൽ നിന്ന് പിഴ ഇനത്തിൽ നാളിതുവരെ 71500/- രൂപ ഈടാക്കിയതായും അറിയിച്ചു.

4 മാലിന്യശേഖരണത്തിലെ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ ക്യൂ.ആർ കോഡ് പതിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനായി ജി ബിൻ കംപോസ്റ്റ് യൂണിറ്റുകളുടെ വിതരണം,ശുചിത്വ മാലിന്യ സംസ്കരണം തുടങ്ങിയ പ്രോജക്ടുകൾ പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്.

5 തൊഴിൽസൃഷ്ടിക്കൽ.

30 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകളും നിയന്ത്രിക്കുന്നതിനായി ഹരിത കർമസേന കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും (അക്കൗണ്ട് നം.40692101032811) അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ 8000 മുതൽ 15000 രൂപ വരെ വരുമാനം ലഭിക്കുന്നതായി കാണുന്നു. 2023-24 ൽ യൂസർഫീ ഇനത്തിൽ ആകെ 4327350/- രൂപ ശേഖരിക്കുകയും 3886250/- രൂപ ഹരിതകർമ്മസേനാംഗങ്ങൾക്ക് വേതനമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വരുമാന വർദ്ധനവിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

6 അടിസ്ഥാനസൗകര്യങ്ങൾ

മാലിന്യ നീക്കത്തിനായി നിലവിൽ വാഹനം ഉണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക് ഗ്ലൗസ്, യൂണിഫോം, ഗംബൂട്ട്, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നല്കിയിട്ടുണ്ട്. ഡ്രസ്സിംഗ് റൂം,ഓഫീസ് റൂം,ശുചിമുറി,കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.ഫയർ എക്സ്റ്റിംഗുഷറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നിരീക്ഷണ ക്യാമറകൾ, ബെയ്ലിംഗ്, ഷ്രെഡ്ഡിംഗ് മെഷീനുകൾ എന്നിവ സ്ഥാപിച്ചിട്ടില്ല.

7. പരിശീലനവും വികസനവും

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ, ഉറവിടമാലിന്യസംസ്കരണം, വാതിൽപ്പടിസേവനം മെച്ചപ്പെടുത്തുന്നതിന് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം, ജി ബിൻ ഉപയോഗം എന്നിവ സംബന്ധിച്ച പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

8. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

പ്രധാനമായും സ്റ്റോറേജ് സൗകര്യങ്ങൾ ഉള്ള 3 കെട്ടിടങ്ങളാണ് എം.സി.എഫ് നായുള്ളത്. ക്ലീൻ കേരള കമ്പനിയുടെ വലിയ വാഹനങ്ങൾക്ക് എത്താൻ പാകത്തിൽ വഴിസൗകര്യങ്ങൾ ഉള്ളവയാണ്. എം.സി.എഫ് ൽ ടിപ്പിംഗ്ഏരിയ, സ്റ്റോറേജ്ഏരിയ, മെഷിനറിഏരിയ, എന്നിങ്ങനെ തരം തിരിച്ച് ഏർപ്പെടുത്തുന്നതിനുള്ള സൗകര്യം ഇല്ല. എങ്കിലും മെച്ചപ്പെട്ടരീതിയിൽ മാലിന്യം ശേഖരിച്ച് തരംതരിച്ച് സൂക്ഷിക്കുകയും ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തുവരുന്നുണ്ട്.

9. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ശേഖരിക്കുകയും തരം തിരിക്കുകയും ചെയ്യുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും ഹരിതകർമ്മസേനാംഗങ്ങളുടെ യോഗം വിളിച്ച് ചേർത്ത്പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി നിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിലെ അസി.സെക്രട്ടറിയുടെയും, വി ഇ ഒ യുടെയും മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന പ്രവർത്തിച്ചുവരുന്നത്. ഹരിതമിത്രം ആപ്ലിക്കേഷൻ മോണിറ്ററിംഗ് സിസ്റ്റം മുഖേന ഹരിതകർമ്മസേന പ്രവർത്തനം വിലയിരുത്തുന്നു.

സമൂഹത്തിൽ ഒരു മാലിന്യസംസ്കാരം രൂപപ്പെട്ടിട്ടില്ലാത്തതിനാൽ ഹരിതകർമ്മസേന പ്രവർത്തനം ഒരു സമൂഹസേവനമായി കരുതുന്നവർ വളരെ കുറവായതിനാൽ മറ്റുള്ളവർ നിർബന്ധിതപിരിവായാണ് യൂസർഫീയെ കണക്കാക്കുന്നതെന്നതും, പ്രതികൂലമായ കാലാവസ്ഥ, പ്രാദേശികമായ സംഭവങ്ങൾ, ഹരിതസേനാംഗങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഹരിതകർമ്മസേന പ്രവർത്തനത്തിൽ പ്രായോഗികബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും അറിയിച്ചു. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഉപകരിക്കുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാപൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കുന്നതിനും ഹരിതകർമ്മസേനപ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

10. ശുപാർശകൾ.

- MCF ൽ ബെയ് ലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് കൂടുതൽ സഹായകമാവും.
- ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.
- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക .

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	17.07.2024	10.12.2024

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	ബാക്കി
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	28/23-24 പാലിയേറ്റീവ് കെയർ 12 ഇന പരിപാടി	163857	163857	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	149/23-24 ലൈഫ് മിഷൻ ജനറൽ	849600	849600	0

വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	148/23-24 ലൈഫ് മിഷൻ പട്ടികജാതി വിഭാഗം	614811	614811	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	135/23-24 ഭിന്നശേഷി സ്കോളർഷിപ്പ്	175000	175000	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	89/23-24 അംഗൻവാടി പോഷകാഹാരം	125000	125000	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	22/23-24 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം	300000	300000	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	16/23-24 ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി	180828	180828	0
	ആകെ	**2409096**	**2409096**	**0**
കോട്ടയം ജില്ലാ പഞ്ചായത്ത്	28/23-24 പാലിയേറ്റീവ് കെയർ 12 ഇന പരിപാടി	54232	54232	0
കോട്ടയം ജില്ലാ പഞ്ചായത്ത്	174/23-24 ലൈഫ് മിഷൻ പട്ടികജാതി വിഭാഗം	560000	560000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	135/23-24 ഭിന്നശേഷി സ്കോളർഷിപ്പ്	312000	312000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	16/23-24 ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി	398119	398119	0
കോട്ടയം ജില്ലാ പഞ്ചായത്ത്	217/23-24 രണ്ടാംമൈൽ - വടക്കേചൂഴിക്കുന്നേൽ - തുണ്ടത്തിൽ റോഡ് പുനരുദ്ധാരണം വാർഡ് 8	300000	300000	0
	ആകെ	**1624351**	**1624351**	**0**

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2023-24 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചെലവ് പത്രിക പ്രകാരമുള്ളതും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

നിർവ്വണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക	ചെലവഴിക്കാൻ അവശേഷിക്കുന്ന തുക
കെ എസ് ഇ ബി	243/24 മൂലയിൽ കുടിവെള്ള പദ്ധതി, 2-ാം ഘട്ടം ത്രീഫേസ് ലൈൻ വലിക്കൽ	116778 (തനത് ഫണ്ട്)	0	116778
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	143/24 മംഗലത്തുകുന്ന് SC സങ്കേതം കുടിവെള്ള പദ്ധതി-കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ	64039 (എസ് സി പി)	0	64039
	171/24 ടേക്ക് എ ബ്രേക്ക് പാതയോരശൗചാലയത്തിന് കുഴൽക്കിണർ നിർമ്മിച്ച് മോട്ടോറും ടാങ്കും സ്ഥാപിക്കൽ	47188 (തനത് ഫണ്ട്) + 134812 (കേന്ദ്രാവിഷ്കൃതം) ആകെ = 182000	0	182000
ആകെ		**362817**		**362817**

4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	വരവ്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ
					മുതൽ	പലിശ	
പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ്	ജിഒ (എം എസ്) 83/13/ തസ്വഭവ	1852572	-	1852572	639360	120531	1213212

ലൈഫ് ഭവന നിർമ്മാണ പദ്ധതി	എൽ.എസ്സ്. ജി.ഡി, ജി.ഒ (എം.എസ്) നം-68/18 തീയതി 18/05/18	6389294	6100000	12489294	2457815	-	10031479

4-6 സ്ഥിരനിക്ഷേപം

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും	രസീത് നം/ തീയതി
2022-23	1-28	48943/-	അസിസ്റ്റന്റ് എഞ്ചിനീയർ	1230103267/28.12.2023
2022-23	1-28	69798/-	അസിസ്റ്റന്റ് എഞ്ചിനീയർ	1230103313/04.01.2024
2022-23	1-26	916/-	അസിസ്റ്റന്റ് എഞ്ചിനീയർ	1230103268/28.12.2023
	ആകെ	119657/-		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2, 2-3	2016-17	അനുബന്ധം-3	വസ്തു നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-6	2016-17	2, അനുബന്ധം-4	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2015-16	2-4, 2-5	2016-17	2, അനുബന്ധം-5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ് / സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീറ്റ് & പേയ്മെന്റ് പ്രകാരം)	88042614.41
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം)	54591055.00
ആകെ വരുമാനം (ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരം)	111968388.00
ആകെ ചെലവ് (ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരം)	102913235.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	973082/-

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-25	49080/-	അനീഷ് ലാൽ കെ എ, ഹെഡ്മാസ്റ്റർ
1-27	362817/-	സൗമ്യ എം, സെക്രട്ടറി

1-30	311185/-	ഷിബു കുമാർ, അസി.എഞ്ചിനീയർ
1-32	250000/-	ഷിബു കുമാർ, അസി.എഞ്ചിനീയർ
ആകെ	9,73,082/-	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	നം.കെഎസ്എ കെടിഎം പി5 (അദാ 2022)/871(8)/22 തീയതി 27.08.2022	3
2004-05	നം.കെഎസ്എ കെടിഎം പി5 (അദാ 18)/198(7)/18 തീയതി 2-2-18	7
2006-07	നം.കെഎസ്എ കെടിഎം പി5 (അദാ 22)/1675/22 തീയതി 27.08.22	2
2007-08	നം.കെഎസ്എ കെടിഎം പി5 (അദാ 18)/198(9)/18 തീയതി 02.02.2018	6
2008-09	നം.കെഎസ്എ കെടിഎം പി5 (അദാ 22)/1871(2)/22 തീയതി 24.08.22	2
2009-10	നം.കെഎസ്എ കെടിഎം പി5 (അദാ 22)/1871(3)/22 തീയതി 27.08.22	2
2010-11, 2011-12	നം. കെഎസ്എ കെടിഎം പി5 (അദാ 22)/1871(4)/22 തീയതി 27.08.22	9
2012-13	നം.കെഎസ്എ കെടിഎം പി5 (അദാ 22)/230/22 തീയതി 27.08.22	6
2013-14	കെ.എസ്.എ കെ.ടി.എം പി 5/1081/22/21.07.22	1
2014-15	കെഎസ്എ.കെടിഎം.പി.5/1961/22/ 08.11.22	4
2015-16	കെഎസ്എ.കെടിഎം.പി.5/1029/22/ 21.07.22	8
2016-17	കെഎസ്എ.കെടിഎം.പി 5/1963/22 തീയതി 21.07.22	9
2017-18	കെഎസ്എ-കെടിഎം.പി-5/471/19/ 14.5.2019	20
2018-19	കെഎസ്എ-കെടിഎം.പി-5/1960/2022 തീയതി 01.10.2022	16
2019-20	കെഎസ്എ-കെടിഎം.പി-5/1964/22 തീയതി 27.10.22	13
2020-21	കെഎസ്എ-കെടിഎം.പി-5/1962/22 തീയതി 30.11.22	8
2021-22	കെഎസ്എ-കെടിഎം.പി-5/154/23 തീയതി 21.10.2023	22
2022-23	കെഎസ്എ-കെടിഎം.പി-5/868/24 തീയതി 06.07.2024	36

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 24-05-2024 and submitted on 17-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Vazhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Vazhoor Grama Panchayat as on 31-03-2024

Date: 21/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Vazhoor Grama Panchayat for the Year 2023-2024.

1.Major Observations

1. Documents for verification of accuracy of Panchayath General Fund not provided.
2. Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2023
has not provided by authorised register or document.
3. Valuation process of assets as per instructions in G.O(Ms) 152/2011 dated 26.07.2011 not yet
completed and asset register not updated.

2.Other Observations

1. Contingent Expenses and Honourarium of Elected Representatives which became
due upto 31/03/2024 has not been accounted as payable during 2023-24.
2. Government/Other dues register not maintained properly to substantiate AFS.
3. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match.
4. The register showing the details of Capital Work in Progress is not kept.
5. Accumulated depreciation in the head of Vehicles exceeded over the total Asset Value of vehicles.
6. The redemption amount from Joint Venture account for the year 2022-23 has not been adjusted.

Deputy Director
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്